# ജപ്പാനിലെ തൊഴിലവസരങ്ങളും ഇന്ത്യൻ ഉദ്യോഗാർത്ഥികളും

കഴിഞ്ഞ ആയിരക്കണക്കിന് വർഷങ്ങളായിഇന്ത്യയുമായി വളരെ അടുത്ത ബന്ധം പുലർത്തുന്ന ചുരുക്കം ചില രാജ്യങ്ങളിൽ ഒന്നാണ് ജപ്പാൻ. ബ്രിട്ടീഷുകാർക്കെതിരെ നേതാജി സുഭാഷ് ചന്ദ്ര ബോസ് നടത്തിയ ഐതിഹാസികമായ പോരാട്ടത്തിന് പിന്നിൽ നിന്ന് അദ്ദേഹത്തിന് പിന്തുണ നല്കാൻ ജപ്പാൻ എന്ന മഹാ ശക്തിയുണ്ടായിരുന്നു.

ലോകത്തെ ഏറ്റവും വികസിതമായ രാജ്യങ്ങളിൽ ഒന്നെന്ന പേര് പേറുമ്പോഴും ജപ്പാന് അവരുടേതായ വെല്ലുവിളികളും ഉണ്ടായിരുന്നു നിരന്തരമായ പ്രകൃതിക്ഷോഭങ്ങളെ ടെക്നോളജിയുടെ കരുത്തിൽ നേരിട്ട് ലോകത്തിന് പലതവണ മാതൃക ആയവരാണ് ജപ്പാൻകാർ

1980-കളിൽ ജപ്പാന് തങ്ങളുടെ കുറഞ്ഞുവരുന്ന ജനസംഖ്യ വലിയൊരു വെല്ലുവിളിയായി മാറി ഫാക്ടറികളും മാനുഫാക്ചറിങ് കമ്പനികളും ചൈനയിൽ തുടങ്ങിക്കൊണ്ടാണ് ജപ്പാൻ ഈ വെല്ലുവിളി നേരിട്ടത്. ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്ഘടനയായ ജപ്പാന് തങ്ങളുടെ വ്യവസായ ഉൽപാദനം താഴേക്ക് പോകാതെ കാത്തുസൂക്ഷിക്കാൻ ഇത് സഹായിച്ചു. ഒപ്പം എതിരാളികൾക്ക് വെല്ലുവിളി ഉയർത്തുന്ന തരത്തിൽ അവരുടെ സാധനങ്ങൾ വിലക്കിഴിവിലും ഗുണമേന്മയിലും നൽകാൻ ഇത് സഹായിച്ചു.

1980കൾക്ക് ശേഷം ഇന്ത്യയിലേക്ക് വലിയ രീതിയിൽ ജാപ്പനീസ് ഇൻവെസ്റ്റ്മെന്റ് വരുവാൻ തുടങ്ങി എന്നാൽ ഇന്ത്യയുടെ രാഷ്ട്രീയ പ്രശ്നങ്ങളും കാല ഹരണപ്പെട്ട തൊഴിൽ നിയമങ്ങളും,ലൈസൻസ് രാജും ഇതിനെ പിന്നോട്ട് വലിച്ചു.

ജപ്പാൻ മുന്നോട്ടുവെച്ച അവസരങ്ങൾ ചൈനയെ പ്പോലെ വലിയ രീതിയിൽ ഉപയോഗപ്പെടുത്താൻ ഇന്ത്യക്കായില്ല .

1960 കളിൽ ഇന്ത്യയിൽ ജപ്പാൻ ഇൻവെസ്റ്റ് ചെയ്തതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കമ്പനി തോഷിബാആനന്ദ് എന്നപേരിൽ കേരളത്തിലെ കളമശ്ശേരിയിൽ ആയിരുന്നു എന്നത് നമ്മൾ മലയാളികൾ പോലും മറന്നു തുടങ്ങി .ബൾബുകളും ബാറ്ററി കളും നിർമ്മിക്കുന്ന ആധുനികമായ ഒരു പ്ലാൻറ് ജപ്പാൻ നിർമിച്ചു .

പിന്നീടും പല സംരംഭങ്ങളും ഉണ്ടയായെങ്കിലും രാഷ്ട്രീയ ഉൾവലികളും ലൈസൻസ് രാജ് തുടങ്ങിയവ ഒക്കെ ഇതിനൊക്കെ പിന്നോട്ട് വലിച്ചു.

ജപ്പാന്റെ തന്നെ മാരുതി സുസുക്കി എന്ന സംരംഭമാണ് ഇന്ത്യൻ വാഹന വിപണിയെ തന്നെ പിടിച്ചു കുലുക്കി സാധാരണക്കാരന്റെ കാർ എന്ന സ്വപ്നം സഫലീകരിച്ചത്.

ഇന്ന് ലോകത്തിൻറെ കാഴ്ചപ്പാടുകൾ മാറിമറിഞ്ഞിരിക്കുന്നു ജപ്പാൻ ചൈനയെ കാണുന്നത് അവരുടെ ശത്രുപക്ഷത്താണ് 1980 കളും 1990 കളിലും ജപ്പാനിലെ ജോബ് മാർക്കറ്റ് കയ്യടക്കിയിരുന്നത് ചൈനീസ് വിദ്യാർത്ഥികൾ ആയിരുന്നു. ജാപ്പനീസ് ഭാഷയുടെ ലിപി കാഞ്ചി എന്ന ചൈനീസ് ലിപി തന്നെയാണ് എന്നത് ചൈനീസ് ഉദ്യോഗാർത്ഥികൾക്ക് ജാപ്പനീസ് ലാംഗ്വേജ് പഠിക്കാൻ വലിയ അനുഗ്രഹമായിരുന്നു. സാംസ്കാരികപരമായും മറ്റുവഴികളിലൂടെയും ചൈനീസ് ജനത ജാപ്പനീസ് ജനതയുമായി വളരെയധികം സാമ്യമുള്ളവരായിരുന്നു.

എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല ജാപ്പനീസ് സമുദ്ര അതിർത്തിയിൽ ചൈനയുടെ വർദ്ധിച്ചുവരുന്ന ഭീഷണി മൂലം ജാപ്പനീസ് കമ്പനികൾ ചൈനക്കാരായ ഉദ്യോഗാർത്ഥികളെ പരിഗണിക്കാൻ മടിക്കുന്നു കൂടാതെ ചൈനയിൽ നിന്നും വലിയ രീതിയിൽ ഇൻവെസ്റ്റ്മെന്റുകൾ വഴിതിരിച്ചു മറ്റു രാജ്യങ്ങളിലേക്ക് കൊണ്ടുപോകുവാനും ജാപ്പനീസ് ഗവൺമെൻറ് 2010 നു ശേഷം തീരുമാനിക്കുകയുണ്ടായി.

അവിടെയാണ് വലിയ അവസരങ്ങൾ ഇന്ത്യൻ ഉദ്യോഗാർത്ഥികൾക്ക് മുന്നിൽ തുറന്നു കിട്ടുന്നത് .

ഭാഷയോടും സംസ്കാരത്തോടും വലിയ ആഭിമുഖ്യം കാണിക്കുന്ന ജപ്പാൻ ഇന്ന് കുറഞ്ഞ ജനസംഖ്യ മൂല്യം ബുദ്ധിമുട്ടുകയാണ്. ആവശ്യമായ ഉദ്യോഗാർത്ഥികളെ കൊടുക്കാൻ മാത്രമല്ല അവരുടെ സംസ്കാരത്തോട് ഏറ്റവും അടുത്തുനിൽക്കുന്ന രാജ്യങ്ങളിലൊന്ന് എന്ന നിലയിൽ ഇന്ത്യൻ ഉദ്യോഗാർത്ഥികളെ ജാപ്പനീസ് കമ്പനികൾ വലിയ രീതിയിൽ തന്നെ പരിഗണിക്കുന്നു. ഇതിനൊക്കെ പുറമേ ജപ്പാനിലെ ഏറ്റവും വലിയ മതമായ ബുദ്ധിസം ഇന്ത്യയിലാണ് ഉത്ഭവിച്ചത് എന്നതും ഇതിന് ആക്കം കൂട്ടുന്ന ഒന്നാണ്.

ചൈനയെ ഒരു പൊതുശത്രു എന്ന നിലയിലേക്ക് 2 രാജ്യങ്ങളുടെ നേതൃത്വങ്ങളും ചിന്തിക്കാൻ തുടങ്ങുന്നതും ഇതിന് സഹായകരമായി(ക്വാഡ് സഖ്യവും മലബാർ നേവൽ അഭ്യാസവും ഒക്കെ ഇതിനോട് അനുബന്ധമായി കാണാം ).ജാപ്പനീസ് ഭാഷയോട് അടുത്തുനിൽക്കുന്ന ഭാഷകളിൽ ഒന്നാണ് സംസ്കൃതം ഇന്ത്യൻ ഭാഷകളിൽ സംസ്കൃതത്തിന്റെ സ്വാധീനം വളരെയധികം

വ്യക്തവുമാണ് , മലയാളത്തിൽ തന്നെ 70 ശതമാനത്തോളം സംസ്കൃതം ഉണ്ടെന്നത് മലയാളികൾക്ക് ജാപ്പനീസ് ഭാഷ പഠിക്കാൻ സഹായകരമാണ്.

ഇതൊക്കെ നമ്മുടെ മുന്നിൽ തുറന്നു കിട്ടിയ വലിയ അവസരങ്ങളാണ് പക്ഷേ അവരുടെ വിദ്യാഭ്യാസ സമ്പ്രദായം വ്യക്തിസ്വാതന്ത്ര്യം ,വ്യക്തി സുരക്ഷ ,മാലിന്യനിർമാർജനം ,വൃത്തി ,സോഷ്യൽ എത്തിക്സ് എന്നിവയിൽ വളെരെയേറെ പ്രാധാന്യം കൊടുക്കുന്നു ബാക്കി വിഷയങ്ങൾ ഇതിനൊക്കെ ശേഷം മാത്രം പരിഗണിക്കുന്നതാണ് ജപ്പാനിലെ രീതി .

പൊതുസൗകര്യങ്ങൾ നോക്കുവാൻ പ്രത്യേക ജോലിക്കാർ ജപ്പാനിൽ ഇല്ല എന്നത് നമ്മളെ അത്ഭുതപ്പെടുത്തിയേക്കാം ജനങ്ങൾ തന്നെ ഇതൊക്കെ ചെയ്യുന്ന രീതിയാണ് ജപ്പാനിൽ ഉള്ളത് .

സമയനിഷ്ഠത ഡ്രസ്സ് കോഡ്, പേഴ്‌സൺ ഗ്രൂമിങ് എന്നിവ അവരുടെ ജീവിതത്തിലെ അഭിവാജ്യ ഘടകങ്ങളാണ്

ജപ്പാന്റെ ശരാശരി പ്രായം 47 ഉം ഇന്ത്യയുടെത് 27 ഉം ആണ് എന്നത് കാണുമ്പോളാണ് ജപ്പാൻ എത്രമാത്രം പ്രായമായ ഒരു ജനതയുടെ രാജ്യമാണെന്ന് നമുക്ക് മനസ്സിലാകുന്നത് 70 ഉം 80ഉം വയസ്സിലും ജോലി ചെയ്യുന്ന തൊഴിൽ ദാദാക്കളെ (കമ്പനി ഓണർസ് )ജപ്പാനിൽ കാണാനാവും .100 ഉദ്യോഗാർത്ഥികൾക്ക് 126 തൊഴിലവസരങ്ങളാണ് ജപ്പാനിൽ ഉള്ളത് എന്ന് ഗവൺമെൻറ് തന്നെ സാക്ഷ്യപ്പെടുത്തുന്നു .എത്ര മാത്രം വലിയൊരു ജോബ് മാർക്കറ്റ് ആണ് ജപ്പാൻ എന്ന് ഇതിൽ നിന്നും വ്യക്തമാകും

കഴിഞ്ഞ എട്ടു വർഷത്തിനിടയിൽ ഇന്ത്യൻ ഗവൺമെൻറ്ഉം ജാപ്പനീസ് ഗവൺമെൻറ്ഉം ഇന്ത്യൻ ഉദ്യോഗാർത്ഥികളെ ജപ്പാനിലെത്തിക്കുന്നതിനായി പലവിധ കരാറുകളിൽ ഒപ്പിടുകയുണ്ടായി മുഖ്യമായവ

CULTURAL EXCHANGE PROGRAME ,SSW [Specialized Skill Workers] ,TITP [Techinical Exchange Program] എന്നിവ ആണ് ബേസിക് ലെവൽ ജാപ്പനീസ് ഭാഷ ഇന്ത്യയിൽ പഠിച്ച് ജപ്പാനിലെത്തി ബ്ലൂ കോളർ(അവിദഗ്ദ തൊഴിലാളി )ജോലി ചെയ്യാനുള്ള അവസരങ്ങളായായാണ് ഇവയെ ഉയർത്തിക്കാട്ടിയത് .2024 ഓടുകൂടി 10 ലക്ഷത്തിലധികം ഇന്ത്യൻ ഉദ്യോഗാർത്ഥികൾക്ക് ഇത് പ്രയോജനപ്പെടും എന്നായിരുന്നു കണക്കാക്കിയിരുന്നത് എന്നാൽ ഇത് ഉദ്ദേശിച്ച ഫലം ചെയ്തില്ല കാരണം ജപ്പാനിൽ ജീവിക്കുവാൻ ഭാഷ മാത്രം പോരാ പകരം അവരുടെ ജോബ് കൾച്ചറും സാംസ്കാരികമായ മറ്റ് കാര്യങ്ങളും അറിഞ്ഞിരിക്കണം എന്ന കാര്യം രാഷ്ട്രീയ നേതൃത്വം തിരിച്ചറിഞ്ഞില്ല .മാത്രമല്ല മലയാളികൾ അല്ലെങ്കിൽ ഇന്ത്യക്കാർ കൂടുതലും നോക്കിയിരുന്നത് ഒരു ബ്ലൂ കോളർ ജോബ് ഓപ്പർച്യൂണിറ്റി അല്ല എന്ന കാര്യം ഇവിടെ പരിഗണിക്കേണ്ടതാണ് മുമ്പ് പറഞ്ഞ അവസരങ്ങൾ നേപ്പാൾ തായ്‌ലൻഡ് വിയറ്റ്നാം പോലുള്ള രാജ്യക്കാരെ കൂടുതലായി ജപ്പാനിൽ കൂടിയറാൻ സഹായിച്ചു എങ്കിലും ഇന്ത്യക്കാർ കാനഡ ജർമ്മനി ബ്രിട്ടൻ തുടങ്ങിയ യൂറോപ്പിലെ വികസിത രാജ്യങ്ങളിലെ കുറഞ്ഞുവരുന്ന കുടിയേറ്റ സാഹചര്യങ്ങൾക്ക് പകരം

വെക്കാവുന്ന  ഒരു പുതിയ  പ്രോഗ്രാമിനെയാണ് തേ ടിയിരുന്നത്.ഇങ്ങനെ ഒരു അവസരം  നിങ്ങൾക്കായി ജപ്പാനിൽ കാത്തിരിക്കുന്നു.

ജാപ്പനീസ് ലാംഗ്വേജ് സ്റ്റഡീസ് കൂടെ പി ആർ ഓപ്ഷനാണ് നമ്മുടെ ഉദ്ദേശമെങ്കിൽ താഴെ പറയുന്ന ഒരു ഓപ്ഷൻ നിങ്ങൾക്കും ചൂസ് ചെയ്യാം 12 ആം സ്റ്റാൻഡേർഡ് ശേഷം അല്ലെങ്കിൽ ഡിഗ്രിക്ക് ശേഷം ജാപ്പനീസ് ഭാഷയുടെ തുടക്കം ആയ  N5 , N4 ലെവലുകൾ ഇന്ത്യയിൽ വെച്ച് തന്നെ നമുക്ക് പഠിക്കുവാൻ സാധിക്കും N5 ലെവൽ വിസ ഉറപ്പാക്കാനും N4 ലെവൽ ജപ്പാനിൽ എത്തിയാൽ ഉടൻ ജോലി ഉറപ്പാക്കാനും  സഹായിക്കും. അവിടെയെത്തി ഒന്നര മുതൽ രണ്ടുവർഷത്തിനുള്ളിൽ N3 ലെവൽ ഭാഷ  പഠനം പൂർത്തിയാക്കാം.ആഴ്ചയിൽ 10 മുതൽ 15 മണിക്കൂർ വരെയേ ഭാഷ പഠനത്തിനായി മാറ്റിവെക്കേണ്ടി വരുന്നുള്ളു .

വീക്ക് ഡേയ്സിൽ 28 മണിക്കൂറും അവധി ദിനങ്ങളിൽ മുഴുവൻ സമയം  ജോലി ചെയ്തിരിക്കണം എന്നത് ഈ പ്രോഗ്രാമിന്റെ ഹൈലൈറ്റ് ആണ്. ജോലി ഉറപ്പായതുകൊണ്ട് തന്നെ മുടക്കിയ പണം ഒന്ന് മുതൽ ഒന്നര വർഷത്തിനുള്ളിൽ മുഴുവനായി തിരികെ ലഭിക്കും . ഓരോ മണിക്കൂറിനും 1200 jpy വരെ ശമ്പളം കിട്ടും. പഠനത്തോട് ഒപ്പം ജോലി ചെയ്യുന്നത് കൊണ്ട് അവരുടെ വർക്ക് കൾച്ചർ കൂടി പഠിക്കാൻ സാധിക്കുന്നു.

12 ക്ലാസ്സിന് ശേഷം പോയവർക് ഭാഷ പഠനത്തിന് ശേഷം 2 വർഷത്തെ ഡിപ്ലോമ പ്രോഗ്രാംസ് അല്ലെങ്കിൽ നാല് വർഷത്തെ യൂണിവേഴ്സിറ്റി ഡിഗ്രി എടുക്കുവാൻ സാധിക്കുന്നതാണ് .ഇതിനായുള്ള പണം ജോലിയിൽ നിന്ന് തന്നെ കണ്ടെത്താൻ സാധിക്കുന്നതാണ്.

ഈ സമയത്ത് നിങ്ങളുടെ പങ്കാളിയെ കൊണ്ടുവരാനും അവർക്ക് ജോലി ചെയ്യുന്നതിനുള്ള അവകാശവും ഉണ്ടായിരിക്കും . പഠനത്തിന് ശേഷം ജോബ് വിസയും 5 വർഷത്തിൽ പി ആർ ഓപ്ഷനും അനുവദിച്ചിരിക്കുന്നു.  പത്തു വർഷത്തിൽ സിറ്റിസൺ ഷിപ് വേണമെങ്കിൽ അതിനും അപേക്ഷിക്കാം

ഡിഗ്രി ഹോൾഡേഴ്സ് ആണെങ്കിൽ രണ്ട് പേർക്കും ഭാഷ പഠനത്തിനുശേഷം മുഴുവൻ സമയ ജോലിക്കോ പോസ്റ്റ് ഗ്രാജുവേഷനോ അപേക്ഷിക്കാം  മാത്രമല്ല ഇന്ത്യൻ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് പരിജ്ഞാനം കൂടുതലാണ് എന്നത് ഇവരുടെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നു.മാത്രമല്ല BCom ,BBA,HOTEL

MANAGEMENT ,BCA ,ട്രാവൽ & TOURISM  തുടങ്ങിയ പ്രഫഷണൽ ബിരുദധാരികൾക്ക് കൂടുതൽ അവസരങ്ങൾ ഉണ്ടായിരിക്കും .

ഇന്ത്യൻ എൻജിനീയർസിന് ഒരു വർഷത്തിൽ N3 ലെവൽ ഭാഷ പഠനം പൂർത്തിയാക്കാനും  അതിനുശേഷം അവരുടെ കോർ സബ്‌ജക്ട് ഏതാണോ അതിൽ  അവർക്ക് ജോലി ചെയ്യാനും സാധിക്കും പലപ്പോഴും N4 N5 ലെവൽ ഭാഷ പഠനം ഉള്ള ഉദ്യോഗാർത്ഥികളെ കമ്പനികൾ നേരിട് ജോലിയിലെടുക്കാറുണ്ട്.

ഐ ടി, കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക് മെക്കാനിക്കൽ എഞ്ചിനീയറുംമാർക്ക്  വലിയ ഡിമാൻഡ് ആണ് ജാപ്പനീസ് ജോബ് മാർക്കറ്റിൽ.

യുകെ  കാനഡ ജർമ്മനി എന്നീ രാജ്യങ്ങൾ സ്റ്റുഡൻസ് റിക്രൂട്ട്മെൻറ് വഴി വലിയരീതിയിൽ ബിസിനെസ്സ് ചെയ്യാൻ ശ്രമിക്കുമ്പോൾ ജപ്പാൻ നിങ്ങൾക് അവിടെ സ്ഥിരതാമസം ആകാനുള്ള അവസരങ്ങളാണ് Study ,Work and  Settle  with PR ഓപ്ഷനിലൂടെ  മുന്നോട്ടു വെക്കുന്നത്.


Written by

Biju Kalluparampil

(Head of Operations - India)

Otagai Business Consulting, Japan.

Mob. 9341366136.


കൂടുതൽ വിവരങ്ങൾ അറിയുവാൻ താൽപര്യമുള്ളവർക്ക് നേരിട്ട് മുകളിൽ കൊടുത്തിരിക്കുന്ന mobile number ൽ ബന്ധപ്പെടാവുന്നതാണ്.